**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**(ഹാജർ: ലത.എസ്)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - സീനിയർ മെക്കാനിക്ക് തസ്തികയിലെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(പി) നം.3/2017/ഉ.പ.ഭ.വ, തീയതി: 27.02.2017.
2. സ.ഉ.(സാധാ) നം.230/2019/കൃഷി, തീയതി: 05.03.2019
3. സ.ഉ.(സാധാ) നം.355/2019/കൃഷി, തീയതി: 09.04.2019.
4. സ.ഉ.(സാധാ) നം.445/19/കൃഷി, തീയതി: 10.05.2019.
5. ഈ ഓഫീസിലെ 11.03.2019, 28.03.2019, 11.04.2019, 06.05.2019, 10.05.2019, 20.05.2019 എന്നീ തീയതികളിലുള്ള എസ്.എ.(2) 2099/19 നമ്പർ സർക്കുലർ.
6. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി: 28.05.2019.
7. ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ.(2) 2099/2019, തീയതി: 13.06.2019.
8. കൃഷി ഡയറക്ടറുടെ സർക്കുലർ നമ്പർ എസ്.എ.(2) 2099/19, തീയതി: 08.08.2019.

**ഉത്തരവ് നം.എസ്.എച്ച്.(1) 21203/2019, തീയതി: 21.08.2019.**

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2019 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റ് അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (5) സർക്കുലറുകൾ പ്രകാരം 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24.05.2019 വരെ ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച സീനിയർ മെക്കാനിക്ക് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (6) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം പ്രസിദ്ധീകരിച്ചിരുന്ന കരട് ലിസ്റ്റിൽ, ജീവനക്കാർ അവരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിക്കുന്നതിനായി ജീവനക്കാർക്ക് അവരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതിനായി പരാമർശം (7) സർക്കുലർ പ്രകാരം 17.06.2019 വരെ അതാത് ഡി.ഡി.ഒ -മാർക്ക് സമയം അനുവദിച്ചിരുന്നു. ഇപ്രകാരം അപാകതകൾ

പരിഹരിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച സീനിയർ മെക്കാനിക്ക് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പരാമർശം (7) പ്രകാരം കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയവരുടെ കാറ്റഗറി തിരിച്ചുള്ള റാങ്ക് ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധീകരിക്കുകയുമുണ്ടായി. ടി റാങ്ക് ലിസ്റ്റ് പരിഗണിച്ച് സ്പാർക്ക് മുഖേന തയ്യാറാക്കിയ പൊതു സ്ഥലംമാറ്റ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ടി ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരവും / ജോലിയിൽ പ്രവേശിച്ച വിവരവും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

**പകർപ്പ്:**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ)
ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി

ചീഫ് സോയിൽ കെമിസ്റ്റ്, സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ.

സ്റ്റോക്ക് ഫയൽ / അധികം.

AVN 19.06.2019 W